(ബി & സി) സംസ്കൃത വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള വിദ്യാഭ്യാസ ചട്ടങ്ങൾക്ക് അനുസൃതമായി സംസ്കൃതം പഠിപ്പിക്കുന്നുണ്ട്. തൃക്കാരിയൂർ, ഏമൂമേലി, തിരുവല്ല, പരുമല, ചെറിയനാട്, വാമനപുരം, കങ്ങഴ എന്നീ ഹൈസ്കൂളുകളിലും ചങ്ങൻകരി, പാരിപ്പള്ളി, വിളക്കുടി എന്നീ അപ്പർ പ്രൈമറി സ്കൂളുകളിലും സംസ്കൃതം പാഠ്യ വിഷയമാണെന്ന് ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം

16 (*226) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. പി. നാരായണൻ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനവിഭവങ്ങൾ ശേഖരിക്കുന്നതിന് നിലവിൽ തുടർന്നുവരുന്ന നടപടി ക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം നൽകിയിട്ടുള്ളത് ആർക്കാണെന്ന് പറയാമോ ;

(സി) വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം ആദിവാസികൾക്കു തിരികെ നൽകണമെന്ന ആവശ്യത്തിന്മേൽ ഗവൺമെന്റിന്റെ തീരുമാനം എന്താണെന്ന് വ്യക്തമാക്കുമോ ?

വനവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. കെ. സുധാകരൻ) :

(എ) 2-1-1982-ലെ ജി. ഒ. (എം. എസ്.) 4/82/എ.ഡി. പ്രകാരം വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള ഏജൻസിയായി പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങളെയും അവയുടെ വിപണന ഏജൻസിയായി സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷനെയുമാണ് സർക്കാർ ചുമതലപ്പെടുത്തിയിരുന്നത്. ഈ സംവിധാനപ്രകാരം, വനവിഭവ ശേഖരണത്തിനായി കേരളത്തിലെ വനം റെയിഞ്ചുകൾ വിവിധ പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങൾക്കായി അലോട്ടുചെയ്യുന്നത് സി. സി. എഫ്. (സംരക്ഷണം) അദ്ധ്യക്ഷനായുള്ള എം. എഫ്. പി. കമ്മിറ്റിയിലാണ്. ഫെഡറേഷന്റെ ശുപാർശകൾ എം. എഫ്. പി. കമ്മിറ്റി പരിഗണിച്ചാണ് അലോട്ട്മെന്റിൽ മേൽ തീരുമാനമെടുത്തിരുന്നത്. അലോട്ട്മെന്റിന് ശേഷം, അതാതു പട്ടികവർഗ്ഗ സേവന സഹകരണ സംഘങ്ങൾ ബന്ധപ്പെട്ട ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാരുമായി എഗ്രിമെന്റ് വയ്ക്കുകയും എഗ്രിമെന്റിലെ നിബന്ധനകൾ പാലിച്ച് വനവിഭവശേഖരണം നടത്തി അവ വിപണനത്തിനായി ഫെഡറേഷനെ ഏൽപ്പിക്കുകയും ചെയ്തു വരുന്നു. എന്നാൽ 25-4-2003-ലെ സർക്കാർ ഉത്തരവ് (കൈയെഴുത്ത്) നമ്പർ 22/03 വനം പ്രകാരം വനവിഭവ ശേഖരണ ഏജൻസിയായി ആദിവാസി വനസംരക്ഷണ സമിതികളെയും വിപണന ഏജൻസികളായി പട്ടിക വർഗ്ഗ സഹകരണ സംഘങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ വികസന സഹകരണ ഫെഡറേഷൻ എന്നിവയേയും സർക്കാർ ചുമതലപ്പെടുത്തിയിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള സർക്കാർ ഉത്തരവു പ്രകാരം (25-4-2003-ലെ സർക്കാർ ഉത്തരവ് (കൈയ്യെഴുത്ത്) 23/2003/വനം) വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള അവകാശം നൽകിയിട്ടുള്ളത് ആദിവാസി വനസംരക്ഷണ സമിതികൾക്കാണ്.

(സി) വനവിഭവശേഖരണം നടത്തുന്നതിനുള്ള ആദിവാസികളുടെ അവകാശം സർക്കാർ എടുത്തുകളഞ്ഞിട്ടില്ല.

കാർഷിക കയറ്റുമതി മേഖലകൾ

17 (*227) ശ്രീ. കെ. മോഹൻകുമാർ :
ശ്രീ. എം. മുരളി :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. കെ. സി. വേണുഗോപാൽ :
ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇതുവരെ ഏതെല്ലാം കാർഷികോൽപ്പന്നങ്ങളുടെ കാർഷിക കയറ്റുമതി മേഖലകൾ രൂപീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇനി ഏതെല്ലാം ഉല്പന്നങ്ങൾക്കുള്ള കാർഷിക കയറ്റുമതി മേഖലകൾ കൂടി രൂപീകരിക്കാനുദ്ദേശിക്കുന്നു ;

(സി) കാർഷിക കയറ്റുമതി മേഖലകൾ മുഖേനയുള്ള പ്രയോജനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

കൃഷിയും കയറും വകുപ്പുമന്ത്രി (ശ്രീമതി കെ. ആർ. ഗൗരിയമ്മ) :

(എ) പച്ചക്കറികൾ, വാഴ, കൈതച്ചക്ക എന്നിവയുടെ കാർഷിക കയറ്റുമതി മേഖലയാണ് ഇതുവരെ രൂപീകരിച്ചിട്ടുള്ളത്.

(ബി) ഔഷധസസ്യങ്ങൾ, സുഗന്ധവിളകൾ, പുഷ്പക്കൃഷി എന്നിവയുടെ കാർഷിക കയറ്റുമതി മേഖലകൾ കൂടി രൂപീകരിക്കാനുദ്ദേശിക്കുന്നുണ്ട്.

(സി) കാർഷികോല്പന്നങ്ങളുടെ കയറ്റുമതി മെച്ചപ്പെടുത്തി കർഷകർക്ക് സുസ്ഥിരമായ ആദായം ലഭ്യമാക്കുക എന്നതാണ് കാർഷിക കയറ്റുമതി മേഖലയുടെ പ്രധാന ഉദ്ദേശ്യം (വിശദീകരണ കുറിപ്പ് കാണുക).*

കാർഷികോല്പാദനം വർദ്ധിപ്പിക്കാൻ നടപടി

18 (*228) ശ്രീ. മാമ്മൻ മത്തായി :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികമേഖലയിലെ വിവിധ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ സംസ്ഥാനത്തിന് ഈ വർഷം എത്ര കോടി രൂപ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly